


# പട്ടം

സെന്റ് വിൻസെന്റ്സ് ഹൈസ്കൂൾ
കണിയാപുരം

# ആശംസകൾ

കണിയാപുരം സെന്റ് വിൻസെന്റ്സ് ഹൈസ്ക്കുളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും അദ്ധ്യാപകരും ഒന്നു ചേർന്ന് **ഡിജിറ്റൽ മാഗസിൻ** പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

ഈ മുറ്റത്തെ ഓരോ മണൽത്തരിക്കുമേലും എത്ര പറഞ്ഞാലും തീരാത്ത നൻമയുടെ മണിമുഴക്കങ്ങൾ പതിഞ്ഞിട്ടുണ്ട്. ആ നന്മയെ ഏതാനും വാക്കുകളിലും വരകളിലും അടയാളപ്പെടുത്താനുള്ള ശ്രമമാണ് ഈ മാഗസിനിലൂടെ കാണുന്നത്.

ഇതിനു പിന്നിൽ പ്രവർത്തിച്ച ഏവർക്കും അഭിനന്ദനങ്ങൾ...........
ആശംസകൾ......

സ്നേഹത്തോടെ,
പോൾ അലക്സാണ്ടർ
(HM in charge)

# ആശംസകൾ

**Little Kites** കുഞ്ഞു പ്രതിഭകളുടെ **Digital Magazine** ആയ **പട്ട**ത്തിന്

എല്ലാവിധ ആശംസകളും നേരുന്നു. നിങ്ങളുടെ സർഗവാസനകൾ

ലോകത്തിലേക്ക് തുറന്നു വച്ച ഒരു കണ്ണാടി ആകട്ടെ എന്ന് പ്രാർ
ത്ഥിക്കുന്നു. അതുപോലെ  സഹജീവികളോടുള്ള കരുണയും സ്നേഹവും
നിറഞ്ഞതാകട്ടെ നിങ്ങളുടെ ഓരോ പ്രവർത്തനങ്ങളും

സ്നേഹത്തോടെ,

സുശീല ജോർജ്

School ITCoordinator

# എഡിറ്റോറിയൽ ബോർഡ്

സുശീല ജോർജ്

(എസ്.ഐ.റ്റി.സി.)

ലീന ഇറാന ഫെർണാണ്ടസ്

ശോശ ബി

(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)

ബിജോയ് ബി

റുക്സാന ആർ എസ്

രാഹുൽ ആർ

അശ്വതി എം

ആദിത്യൻ എസ്

( ലിറ്റിൽ കൈറ്റ്സ്  അംഗങ്ങൾ)

# താളുകൾ മറിയുമ്പോൾ

ചരിത്രത്തിന്റെ നാൾവഴി 6

പ്ലാസ്റ്റിക് വേണ്ടേ വേണ്ട 8

അച്ഛൻ 9

മഴയുടെ ചരിത്രകഥ 10

ചന്ദ്രൻ നമ്മുടെ സ്വന്തം 11

മഴവില്ല് 13

ഒരു ചിന്ത 15

നിലാവ് 16

ക്ലാസ് റൂം 17

അമ്മ 18

പ്രതിഭാ സംഗമം 19

BREEZE 20

NATURE IN DANGER 21

MY DREAM 22

FRIENDSHIP 23

# ചരിത്രത്തിൻെറ നാൾവഴി

1947-**ൽ** സ്ഥാപിതമായ സെന്റ് വിൻസെന്റ്സ് ഹൈസ്കൂൾ  ഈ പ്രദേശത്തിന്റെ സാംസ്കാരിക ഗോപുരമായി പ്രശോഭിക്കുന്നു. ബൽജിയം സ്വദേശിയും തിരുവനന്തപുരം രൂപതയുടെ പ്രഥമ മെത്രാനമായിരുന്ന ഡോ. വിൻസെന്റ് ദെരേരയായിരുന്നു ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ.




ഇന്ന് സെന്റ് വിൻസെന്റ്സ് സ്കൂൾ സ്ഥിതിചെയ്യുന്ന അന്ന് പുന്നക്കാടായിരുന്നു. 5 ഏക്കറിലധികം വരുന്ന ഈ സ്ഥലം തൊട്ടടുത്തുള്ള ഒരു നായർ തറവാട്ടിൽ നിന്നും വിലയ്ക്കുവാങ്ങിയാണ് സ്കൂൾ സ്ഥാപിച്ചത്.

ഓലമേഞ്ഞ പുരയിൽ തുടങ്ങിയ സ്കൂൾ ഇന്ന് 13 ക്ലാസ് റൂമുകളും ലൈബ്രറി, നവീനരീതിയിലുള്ള സ്മാർട്ട്റൂം, ഹൈടെക് ക്ലാസ് റൂം, സയൻസ് ലാബ്, സോഷ്യൽ സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, എൻ.സി.സി റൂം തുടങ്ങിയ സംവിധാനങ്ങൾ വിദ്യാർത്ഥികളുടെ പഠന പ്രവർത്തനങ്ങൾക്ക് മികവേകുന്നു.

അശ്വതി













# പ്ലാസ്റ്റിക് വേണ്ടേ വേണ്ട

പ്ലാസ്റ്റിക് - ഇന്ന് നമ്മുടെ സമൂഹം നേരിടുന്ന വലിയ വിപത്ത്. ഒറ്റത്തവണ ഉപയോഗത്തിനുള്ള പ്ലാസ്റ്റിക്കിനോട് കേരളം വിടപറഞ്ഞു- 2020 ജനുവരി 1 മുതൽ.

**നിരോധിച്ചത് എന്തെല്ലാം?**

പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, ടേബിളിൽ വിരിക്കാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഷീറ്റുകൾ, കപ്പുകൾ, പ്ലേറ്റുകൾ,, പിവിസി ഫ്ലക്സ് മെറ്റീരിയലുകൾ, നോൺവൂവൺ ബാഗുകൾ, പ്ലാസ്റ്റിക് ഫ്ലാഗുകൾ, ബണ്ടുകൾ, പ്ലാസ്റ്റിക് കുടിവെള്ള പൌച്ചുകൾ, ഗാർബേജ് ബാഗ്, എന്നിവയെല്ലാം നിരോധിച്ച ഉത്പന്നങ്ങളുടെ പട്ടികയിൽ വരുന്നു.



## എന്തിനും ഏതിനും പ്ലാസ്റ്റിക്കിനെ ആശ്രയിക്കുന്ന നമ്മൾ ഇതിനു പോംവഴി കണ്ടെത്തേണ്ടേ? ...

**സൂര്യ എസ് മണി**



# അച്ഛൻ

മക്കൾക്ക് വേണ്ടി ജീവിതം ഹോമിക്കും-
ദൈവമാണെന്നും അച്ഛൻ.
വേദനകൾ ഉള്ളിലൊതുക്കി, തൻ-
മക്കൾക്ക് വേണ്ടി ജീവിക്കുമച്ഛൻ.
പുറമെ പുഞ്ചിരിക്കുമ്പൊഴും എന്നച്ഛൻ-
അകമേ വിതുമ്പുന്നത് കാണുന്നു ഞാൻ.
മക്കളെ കാണാതെ കഷ്ടപ്പെടുന്നൊരാ-
അച്ചന്റെ വേദന അറിയുന്നു ഞാൻ.
മക്കളോടൊത്ത് കഴിയുവാനാകാതെ-
വെന്തുരുകുന്നൊരാ അച്ഛൻ !
മഴയെന്നില്ലാതെ, വെയിലെന്നില്ലാതെ,
കഷ്ടപ്പെടുന്നൊരാ അച്ഛൻ !
മക്കളെ വിട്ട് പിരിയുമൊമൊരച്ഛന്റെ-
കണ്ണുനീർ ആരും കാണാതെ പോകരുതെ...

Manjusha Jayan
എന്റെ മകളുടെ ആദ്യരചന

വർഷ.M.J

# മഴയുടെ ചരിത്രകഥ



കർണാടക സംഗീതത്തിലെ ആചാര്യൻമാരിൽ ഒരാളാണ് മുത്തുസ്വാമി ദീക്ഷിതർ അദ്ദേഹത്തെക്കുറിച്ചുള്ള ഈ കഥ കൂടി വായിക്കൂ. ദീക്ഷിതർ എട്ടയാപുരം എന്ന സ്ഥലത്തു താമസിക്കുന്ന കാലം. ഒരിക്കൽ മധുരമീനാക്ഷി ക്ഷേത്രത്തിൽ ദർശനം നടത്തി. മടങ്ങുമ്പോൾ ഒരു മരച്ചുവട്ടിൽ വിശ്രമിക്കുകയായിരുന്നു. അപ്പോഴാണ് ആ പ്രദേശം മുഴുവൻ വരൾച്ചബാധിച്ചിരിക്കുന്നത് അദ്ദേഹം കണ്ടത്. മഴ പെയ്തിട്ട് വളരെ കാലമായെന്ന വിവരം ഗ്രാമീണർ അദ്ദേഹത്തെ അറിയിച്ചു. ദീക്ഷിതർ ഉടനെ അമൃതവർ ഷിണി രാഗത്തിൽ കീർത്തനം ആലപിക്കാൻ തുടങ്ങി. പാടിപ്പാടി വർഷയ, പർഷയ എന്ന ഭാഗത്തെത്തിയപ്പോഴേക്കും മഴ പെയ്തു എന്നാണ് കഥ.

ഇതു പോലെ മുഗൾ ചക്രവർത്തി അക്ബറുടെ ആസ്ഥാന ഗായകൻ താൽസെൻ ഹുന്ദുസ്ഥാനി സംഗീതത്തിലെ മേഘ മൽഹാർ പാടി മഴ പെയ്യിച്ച കഥയും പ്രസിദ്ധമാണ്.

**ആതിര ആർ ജി**

# ചന്ദ്രൻ നമ്മുടെ സ്വന്തം



ഭൂമിയുടെ ഒരേയൊരു പ്രകൃതിദത്ത ഉപഗ്രഹമാണ് ചന്ദ്രൻ. സാഹിത്യകാരന്മാർക്കും ചിത്രകാരന്മാർക്കും എല്ലാം എന്നും ഒരു പ്രചോദനമായിട്ടാണ് ചന്ദ്രൻ നിലകൊള്ളുന്നത്. പുരാതന കാലഘട്ടത്തിൽ പല സംസ്കാരങ്ങളിലും ചന്ദ്രനെ ഒരു ദൈവമായി ആരാധിച്ചു പോന്നിരുന്നു. ഹിന്ദു പുരാണപ്രകാരം ചന്ദ്രൻ ഒരു ദേവതയാണ്. ഇന്നും ചന്ദ്രനെ അടിസ്ഥാനമാക്കിയുള്ള ജ്യോതിഷരീതികൾ നിലവിലുണ്ട്. ചന്ദ്രൻ ഭൂമിയെ ഒരു തവണ പൂർണമായി വലം വെക്കാൻ ഏകദേശം **27.3** ദിവസം എടുക്കുന്നു. അതേ സമയം ഭൂമി സൂര്യനു ചുറ്റും പരിക്രമണം നടത്തുന്നുണ്ട് എന്നതിനാൽ ഒരു പൗർണ്ണമി മുതൽ അടുത്തത് വരെയുള്ള സമയം ഇതിനെക്കാൾ അല്പം കൂടുതലാണ് - **29.5** ദിവസം. ദൂരദർശിനിയുടെ കണ്ടുപിടിത്തമാണ് ചാന്ദ്രനിരീക്ഷണ രംഗത്ത് കുതിച്ചു ചാട്ടം വരുത്തിയത്. ഗലീലിയോ ഗലീലി എന്ന ശാസ്ത്രജ്ഞൻ ദൂരദർശിനി ഉപയോഗിച്ച് ചന്ദ്രനിലെ പർവതങ്ങളും, ഗർത്തങ്ങളും വീക്ഷിക്കുന്നതിൽ വിജയിച്ചു.

മനുഷ്യനെ ചന്ദ്രനിലിറക്കാൻ ആരംഭിച്ച യജ്ഞം അമേരിക്കയുടെ ശൂന്യാകാശഗവേഷണ കേന്ദ്രമായ നാസയുടെ **1967**-ൽ ആരംഭിച്ച അപ്പോളോ -**1** ദൗത്യം ആയിരുന്നു. **1967** ജനുവരി **27** ന് തുടങ്ങിയ അപ്പോളോ -**1** ദുരന്തമായിത്തീർന്നു. പേടകത്തിന് തീപിടിച്ച് യാത്രികർ മൂന്നുപേരും മരിച്ചു

**1969**-ൽ ചന്ദ്രനിൽ മനുഷ്യനെ ഇറക്കുന്നതിൽ അമേരിക്ക വിജയിച്ചു. നീൽ ആംസ്ട്രോങ് ചന്ദ്രനിൽ ഇറങ്ങിയ ആദ്യ മനുഷ്യനായി. **1969** ജൂലൈ **21**-ആം തിയതി

ചന്ദ്രനിൽ ഇറങ്ങിയ അപ്പോളോ-11 എന്ന ബഹിരാകാശയാനത്തിന്റെ കമാണ്ടർ ആയിരുന്നു അദ്ദേഹം. എഡ്വിൻ ആൽഡ്രിൻ അദ്ദേഹത്തോടൊപ്പം, ചന്ദ്രനിലിറങ്ങി. ആദ്യമായി ചന്ദ്രനിൽ കാൽ വച്ചശേഷം നീൽ ആംസ്ട്രോങ് ഇങ്ങനെ പറഞ്ഞു

**'ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം വളരെ ചെറിയ ഒരു ചുവടുവയ്പ്, പക്ഷേ മനുഷ്യരാശിക്ക് ഇതൊരു വൻ കുതിച്ചു ചാട്ടമാണ് '**

## ചന്ദ്രനും ഇന്ത്യയും

ഇന്ത്യയുടെ ആദ്യ ചന്ദ്രയാത്ര പേടകമാണ് **ചന്ദ്രയാൻ 1** ചന്ദ്ര പര്യവേഷണങ്ങൾക്കായി ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനം (ഐ.എസ്.ആറ്.ഓ) 2008 ഒക്ടോബർ 22 ന് കൃത്യം 6.22 ന് ചന്ദ്രനിലേയ്ക്ക് അയച്ച യാത്രികരില്ലാത്ത യാന്ത്രികപേടകമാണ് ചന്ദ്രയാൻ.




ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ISRO) ഏറ്റെടുത്ത രണ്ടാമത്തെ ചാന്ദ്രപര്യവേക്ഷണ ദൗത്യമാണ് **ചന്ദ്രയാൻ-2**

ചരിത്രനേട്ടത്തിനായി ഉറക്കമിളച്ച ISRO ഗവേഷകർ അല്പം നിരാശരായി എന്നുള്ളത് സത്യം. എങ്കിലും ആ നിരാശ പരാജയം കൊണ്ടുള്ളതായിരുന്നില്ല എന്ന് മാത്രം. ......

**ആമിന എസ്**




ഒരു ദിവസം നിറങ്ങളെല്ലാം ഒത്തുകൂടി. അവർ പലതും പറഞ്ഞു വലിയ വഴക്കായി. താനാണ് ഏറ്റവും മികച്ചവൻ എന്നായിരുന്നു ഓരോരുത്തരുടെയും വാദം.

പച്ച പറഞ്ഞു: ഞാനാണ് ഏറ്റവും പ്രധാനി. ജീവൻ്റയും പ്രതീക്ഷയുടെയും അടയാളമാണ് ഞാൻ പുല്ലിലും മരത്തിലും ഇലയിലുമെല്ലാം എൻ്റെ നിറമാണ്! ചുറ്റും നോക്ക്, ഞാനാണ് എങ്ങും നിറഞ്ഞുനിൽക്കുന്നത്.

എന്നാൽ നീല പറഞ്ഞു: നീ ഭൂമിയെപ്പറ്റിമാത്രം ചിന്തിക്കുന്നതു കൊണ്ടാണിത്. ആകാശവും കടലും നോക്ക്. ഞാനില്ലെങ്കിൽ വെള്ളമില്ല; വെള്ളമില്ലെങ്കിൽ ജീവനില്ല. ആകാശനീലിമയാണ് പ്രപഞ്ചത്തിനാകെ പ്രശാന്തിയേകുന്നത്. ഞാനില്ലെങ്കിൽ എല്ലാം തീർന്നതുതന്നെ.

മഞ്ഞ പല്ലിറുമ്മി: നിങ്ങളെല്ലാം ശുംഭന്മാരാണ്. എന്നെ നോക്ക്. ഞാനാണ് ഈ ലോകത്തിന് പ്രകാശമേകുന്നത്; സൂര്യനില്ലെങ്കിൽ ലോകമില്ലല്ലോ.

ഓറഞ്ചുനിറം പറയാൻ ഓങ്ങിനിൽക്കുകയായിരുന്നു: ആരോഗ്യത്തിൻ്റയും ശക്തിയുടെയും നിറമാണ് ഞാൻ. ഞാനാണ് വൈറ്റമിനെ ചുമക്കുന്നത്. കാരറ്റിലും ഓറഞ്ചിലും മാങ്ങയിലും കുമ്പളങ്ങയിലുമൊക്കെ ഞാനല്ലേ നിറഞ്ഞു നിൽക്കുന്നത്. ഞാൻ സൂര്യാസ്തമനത്തിലും സൂര്യോദയത്തിലും സന്നിഹിതനായാലുണ്ടല്ലോ . ചുമപ്പ് ഒട്ടും വിട്ടുകൊടുത്തില്ല: ഞാനാണ് നിങ്ങളുടെയെല്ലാം രാജാവ്. ഞാനാണ് രക്തം. ജീവരക്തം. അപകടത്തിൻ്റയും ആഡംബരത്തിൻ്റയും നിറം. ഞാനാണ് അഗ്നി. ഞാനില്ലെങ്കിൽ ഭൂമി ശൂന്യം.

കരിഞ്ചുമപ്പ് ഇങ്ങനെ പറഞ്ഞു: ഞാനാണ് ഹേ, അധികാരത്തിന്റെയും രാജകീയപ്രൗഢിയുടെയും നിറം. രാജാക്കന്മാരും മെത്രാന്മാരും എന്നെയാണ് എപ്പോഴും കൂടെക്കൂട്ടുന്നത്. എനിക്കാണ് വിവരമുള്ളത്.

ഇൻഡിഗോ ആണ് അവസാനമായി സംസാരിച്ചത്, വളരെ ശാന്തമായി, എന്നാൽ പ്രൗഢിയോടെ: നിങ്ങളേവരും എന്നെപ്പറ്റി ഓർക്കുവിൻ. ഞാനാണ് നിശബ്ദതയുടെ നിറം. ചിന്തയുടെയും ആലോചനയുടെയും നിറം. പലതും സന്തുലിതമാക്കാൻ എന്റെ നിറം കൂടിയേതീരൂ.

നിറങ്ങ ഇപ്രകാരം വീരവാദം മുഴക്കി. തങ്ങൾക്കാണ് മേൽക്കോയ്മയെന്ന വീമ്പിളക്കൽ. അവരുടെ വഴക്ക് ഏറെ ഉച്ചത്തിലായി.

പെട്ടെന്ന് ഇടി മുഴങ്ങി. മഴ പെയ്തു. നിറങ്ങൾ ഞെട്ടിവിറച്ചു. അവർ സുരക്ഷിത സങ്കേതങ്ങൾ തേടി.
മഴച്ചാർത്തിനിടെ മഴ സംസാരിച്ചു തുടങ്ങി: "മണ്ടശിരോമണികളേ, തമ്മിൽ വഴക്കുണ്ടാക്കുന്നോ. നിങ്ങളൊക്കെ പ്രത്യേക കാര്യങ്ങൾക്കായി നിയോഗിക്കപ്പെട്ടിരിക്കുന്നവരാണെന്ന് അറിയില്ലേ. അത് വ്യത്യസ്തവും തനിമയാർന്നതുമാണ്. എല്ലാവരും കൈകോർത്ത് എൻറെയടുത്ത് വരിക."

നിറങ്ങൾ ഒത്തുചേർന്ന് കൈകോർത്തു.

മഴ തുടർന്നു: "ഇന്നു മുതൽ ഞാൻ പെയ്തു തുടങ്ങുമ്പോൾ നിങ്ങൾ ഓരോരുത്തരായി ആകാശവിതാനത്തിൽ ഒന്നിച്ച് അണിനിരക്കണം. സുന്ദരമായൊരു മഴവില്ലായി അത് രൂപപ്പെടും. അത് നാളത്തെ പ്രത്യാശയുടെ സൂചനയാണ്. വഴക്കെല്ലാം ഒടുങ്ങിയതിൻറെ തെളിവ്."

പിന്നെ ഭൂമിയിൽ മഴ പെയ്യുമ്പോഴൊക്കെ നിറങ്ങൾ കൈപിടിച്ചു നിൽക്കും. നാം പരസ്പരം വേണ്ടപ്പെട്ടവരാണെന്ന് ഓർമപ്പെടുത്താൻ. പരസ്പരം പോരടിക്കാതെ പ്രോത്സാഹിപ്പിച്ചു ജീവിച്ചാൽ മാരിവില്ലായി നിറയാം എന്ന ഓർമപ്പെടുത്തൽ.

രേഷ്മ

# ഒരു ചിന്ത


വിത്തിന് എന്താണ് സംഭവിക്കാൻ പോകുന്നത്
എന്നറിയില്ല. അതൊരിക്കലും ഒരു പുഷ്പത്തെയോ,
സൗരഭ്യത്തെയോ അറിയുന്നില്ല !നിങ്ങളുടെ
ഉള്ളിൽമറഞ്ഞുകിടക്കുന്ന കഴിവ് പൂർണമായും മറ
നീക്കി പുറത്തുവരുമ്പോളാണ് ജീവിതം
നിങ്ങളുടെമേൽ അനുഗ്രഹങ്ങൾ വർഷിക്കുക.
നിങ്ങളുടെ ചിന്തകളുടെ പൊടിപടലങ്ങൾ നിങ്ങൾ
തുടച്ചു മാറ്റുന്ന ആ നിമിഷം നിങ്ങൾ ശരിയായ
വഴിയിൽ എത്തിച്ചേരുന്നു, നിങ്ങൾ തന്നെ
പാതയാകുന്നു
ഓഷോ

**രാഹുൽ ആർ**




കണ്ടു ഞാൻ നിൻ സൗന്ദര്യത്തെ
രാത്രി തൻ നദിയുടെ പവിത്രതയിൽ
നീ അറിയാതെ ഞാൻ സ്നേഹിച്ചു
നിൻ സൗന്ദര്യത്തെ
രാത്രിമാത്രമാം കാണാൻ വിധിയെങ്കിൽ
പകൽ മുഴുവൻ ഞാൻ കാത്തിരിക്കാം
വെള്ള മെത്തവിരിച്ച പോൽ-
നിൻ നിറത്തെ ഞാൻ പ്രണയിക്കുന്നു.

നീ അറിയാതെ ഞാൻ നിന്നിൽ

കൂടുതൽ കൂടുതൽ അടുക്കുന്നു

നേരിൽ കാണാൻ ആഗ്രഹിക്കുന്നതിനെക്കാ്യ്യള്

കളകളമൊഴുകും ജലത്തിൻ മാന്ത്രികതയിൽ

കാണാൻ ഞാൻ മോഹിക്കുന്നു

നിലാവെ ഞാൻ നിന്നെ പ്രണയിക്കുന്നു

**ലക്ഷ്മി വൽസൻ**

# ക്ലാസ് റൂം

ക്ലാസ് റൂം എന്നത് ഒരുകൊച്ചു കുടുംബമാണ്. ക്ലാസ് റൂമിൽ നമ്മൾ ഓരോ നിമിഷവും ചിലവഴിക്കുന്നത് നമ്മുടെ മനസ്സിൽ മായാത്ത ഓർമകളായ് നിലകൊള്ളും.

നമ്മുക്ക് ഓരോ ഗ്രൂപ്പുകളുണ്ടാവും. എനിക്കുണ്ട് നാല് ഫ്രണ്ട്സ്. ഒറ്റ ചങ്കായി കൂടെ നിൽക്കുന്നവർ. അവരുമായ് ഒത്തുകൂടുമ്പോൾ ഉത്സവമാണ്. അവരുമൊത്തുള്ള ലാസ്റ്റ് ബെഞ്ചിലെ കളികൾ, വീതം വെച്ച് കഴിക്കുന്ന മിഠായികൾ, ഇന്റർ വെല്ലുകൾ, ഫ്രീപിരീഡുകൾ, ഒന്നും നമ്മുടെ മനസ്സിൽ നിന്നും മായില്ല.

നമ്മുടെ ക്ലാസ് റൂം ഒരു സ്വർഗമാണ്. നമ്മുടെ സ്കൂൾ ജീവിതമേ നമുക്ക് ആസ്വദിക്കാൻ കഴിയൂ. ഇതുപോലുള്ള ഒരു കാലം ഇനി തിരിച്ചുവരില്ല.

കഴിഞ്ഞു പോയതൊന്നും തിരിച്ചുവരില്ല. നമ്മൾ ആദ്യമായി ക്ലാസിൽ വന്നപ്പോൾ ഇവരൊക്കെ ആരാ എന്ന് തോന്നി. പക്ഷേ ഇപ്പോൾ ഇവരെയൊക്കെ എങ്ങനെ ഇട്ടിട്ട് പോകും എന്നായി മനസ്സിൽ. എന്നും മനസ്സിൽ മായാതെ കിടക്കുന്ന ഒന്നേ ഉണ്ടാവുകയുള്ളൂ - അതാണ് നമ്മുടെ സ്കൂൾ ജീവിതം.

**ബിസ്മിന**

# അമ്മ

മഴയായ് പെയ്യുന്ന സ്നേഹമാണമ്മ,
അറിവിന്റെ വാതിൽ തുറന്ന് തരുമമ്മ.
ഭൂമിയിൽ ആദ്യമായ് കാൽതൊട്ട നാൾ-
കണ്ടതോ അമ്മ തൻ പുണ്യമുഖം.
കൈപിടിച്ചെന്നെ പിച്ച നടത്തിയൊരാ-
പവിത്രമാം കൈകൾ ഓർക്കുന്നു ഞാൻ.
മുതിർന്ന് കഴിഞ്ഞാൽ, തൻ കാലിൽ നിന്നാൽ-
ചിലർക്ക് അമ്മ തൻ ചൂട് വേണ്ടാതെ പോകുന്നു.
അമ്മ അവർക്കൊരു ഭാരമായ് മാറുന്നു,
മക്കളവരെ വലിച്ചെറിയുന്നു.
അമ്മ അവർക്കൊരു ദേവിയായ് മാറിയ,
അമ്മ അവർക്കൊരു സുഹൃത്തായി മാറിയ,
കാലം മറന്നവർ പോയ്മറയുന്നു.

**വർഷ**



# പ്രതിഭാ സംഗമം









BREEZE

A midnight breeze entered my room
Pushing back the curtains
Through a half opened window
The candle light dance with fear and
In the darkness it came to me and
Touched my face gently;
It's fondle touch closed my sleepy eyes
And moved my wisp
I tried to get inside the
blanket but
In true silence I heard



someone
I looked ground but no
I couldn't notice any shadow
I listened to the rhythm of breeze
Yes it wanted to tell something
I got up and walked to the window
The sky way illuminated with stars
A twinkling star caught my eyes
If started drawing pictures, pictures for me
In those picture I saw my tear
The tear of someone

SABNA

# NATURE IN DANGER

*Today our nature is in danger. Very rare species of plants and animals are vanishing. Where we saw thousands, today we see only hundreds. This is not only in the case of animals but also plants are being cut tremendously for various uses. Every one of us living in the globe has a part to play in saving these wild animals and planets. There are a lot of things that we can do to help sitting at home. We can make a bird table and bird nesting box to encourage birds to visit our houses.*

***We kill some creatures like spider and snakes because we are scared of them. But we seldom realize that they eat flies and pests and help to balance nature. People are now realizing the importance of saving wildlife. We need them not to just look at them and enjoy, but we need them because we don't survive without them. It is possible to save them and we must do our best.***

*Nandu krishna*

# MY DREAM

*I have a dream*
*I have a dream to fly*
*Across the world*
*like a butterfly*



*Each of the bird flying*
*In the sky aspires me*
*Each of the bird flying*
*In the sky inspires me*

*Blue sky, twinkling star,*
*Flying bees, shining sun*
*Each of them aspires me*
*Each of them inspires me*

*I have a dream*
*I have a dream to fly*
*Across the world*
*Like a butterfly.*

*Asiya S*

## *FRIENDSHIP*

Friendship is always a blessing
Which is rare.
Friendship is the gift of god
Which keeps us together



Friendship is like a star
Which glitters at all times
Friendship is like a red cherry
Which is sweet and sour
friendship cannot be measured
It can fully be treasured
Friendship builds good friends
Which makes life meaningful

Sandra



# A DIGITAL WORLD